# KERALA STATE WAQF BOARD, ERNAKULAM
## LEASING OF WAQF PROPERTY

### TENDER FORM

| | | |
|---|---|---|
| 1. | Name of Applicant | |
| 2. | Full Address with Pin Code | |
| 3. | Adhar Card / Election ID No. (Enclose Photo copy ) | |
| 4. | PAN No. (Enclose Photo copy ) | |
| 5. | Which waqf property for lease ? | |
| 6. | Lease rent offered per month ? | |
| 7. | Purpose of Lease ? | |
| 8. | Percentage of increasing in annual rent. | |
| 9. | Remarks: | |

Place :

Signature with Name

Date :

ഫോൺ നമ്പർ:0484-2101485
0484-2342485, 0484-2346091
ഇമെയിൽ: ceokl@wakf.gov.in
വെബ്സൈറ്റ് : wwwkeralastatewakfboard.in

# കേരള സംസ്ഥാന വഖ്ഫ് ബോർഡ്

മുഖ്യകാര്യാലയം, വി.ഐ.പി. റോഡ്, കലൂർ, കൊച്ചി -682017

No: A2-3338 & 3339/CR

Date: 05-02-2019

## വസ്തു ലീസ് - ലേലം ടെണ്ടർ നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതും ഫോട്ടോ പതിച്ച ഏതെങ്കിലും അംഗീകൃത തിരിച്ചറിയൽ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതുമാണ്.
2. നിശ്ചിത ഫാറത്തിൽ തയ്യാറാക്കിയ ടെണ്ടർ സീൽ വച്ച കവറുകളിൽ 19-02-2019-ാം തീയ്യതി വൈകിട്ട് 3.00 മണിക്കുള്ളിൽ കലൂർ വി.ഐ.പി. റോഡിലുള്ള കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ് ഹെഡ്ഡാഫീസിൽ സമർപ്പിക്കേണ്ടതാണ്.
3. ലേലം / ടെണ്ടറിൽ പങ്കെടുക്കുന്നവർ 2000/- രൂപ നിരതദ്രവ്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കലൂർ ബ്രാഞ്ചിൽ മാറാവുന്ന തരത്തിൽ "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ് "എന്ന വിലാസത്തിൽ എടുത്ത ഡി.ഡി. മേൽ തീയ്യതിയിൽ ടെണ്ടർ സഹിതം സമർപ്പിക്കേണ്ടതാണ്.
4. ടെണ്ടർ സമർപ്പിക്കുന്നവർ കവറിന് പുറത്ത് പൂർണ്ണമായ മേൽ വിലാസവും ഫോൺ നമ്പറും, ഹാജി ഈസാ ഹാജി മൂസ സേട്ട് ട്രസ്റ്റ് & ജാൻ മുഹമ്മദ് ഹാജി ഈസാ സേട്ട് ട്രസ്റ്റ് ധർമ്മസ്ഥാപനം വസ്തു ലീസ് ടെണ്ടർ എന്നും എഴുതിയിരിക്കേണ്ടതാണ്.
5. ടെണ്ടറിനോടൊപ്പം നിരതദ്രവ്യം അടച്ചവർക്ക് ലേലത്തിൽ പങ്കെടുക്കുന്നതിന് വീണ്ടും നിരതദ്രവ്യം അടക്കേണ്ടതില്ല.
6. 19-02-2019-ാം തീയ്യതി വൈകിട്ട് 3.30 മണിക്ക് ലേലം നടത്തുന്നതും ലേലത്തിനു ശേഷം ഹാജറുള്ള ആളുകളുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്.
7. ലേലത്തിലും ടെണ്ടറിലും പങ്കെടുക്കുന്നവർ ശ്രീ.യൂനുസ്.കെ.കെ., ഇന്ററിം മുതവല്ലി, ഹാജി ഈസാ ഹാജി മൂസ സേട്ട് ട്രസ്റ്റ് & ജാൻ മുഹമ്മദ് ഹാജി ഈസാ സേട്ട് ട്രസ്റ്റ് ധർമ്മസ്ഥാപനം, കുരുടംപറമ്പിൽ ഹൗസ്, കോട്ടപ്പുറം, ആലങ്ങാട്.പി.ഒ.,

ഫോൺ 7736939000 എന്ന വിലാസത്തിൽ ബന്ധപ്പെട്ട് വസ്തുവും രേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

8. വസ്തു ലീസിന് നൽകുന്നതിന് ടെണ്ടർ / ലേലം മുഖേന ഏറ്റവും കൂടുതൽ തുകയ്ക്കുള്ള ലേലം /ടെണ്ടർ സമർപ്പിച്ചയാളുടെ പേരിൽ താൽക്കാലികമായി ഉറപ്പിക്കുന്നതും, ബോർഡ് തീരുമാനത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്.

9. എളുപ്പത്തിലും സൗകര്യപ്രദമായും ലേലം നടത്തുന്നതിന് 100/-രൂപയുടെ ഗുണിതത്തിൽ ലേലം നടത്തപ്പെടുന്നതാണ്.

10. ഏറ്റവും കൂടുതൽ സംഖ്യക്ക് ലേലം / ടെണ്ടർ സമർപ്പിക്കുന്നയാൾ 24 മാസത്തെ വാടക സെക്യൂരിറ്റി തുകയായി ലേലം താൽക്കാലികമായി ഉറപ്പിച്ച് 5 ദിവസത്തിനുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റായി ബോർഡ് ഹെഡ്ഢാഫീസിൽ അടക്കേണ്ടതാണ്. അപ്രകാരം അടക്കാത്ത പക്ഷം ടിയാന്റെ ഓഫർ നിരസിക്കുന്നതും നിരതദ്രവ്യത്തിൽ നിന്നും 20% കുറവ് വരുത്തിയതിന് ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

11. നിലവിൽ വസ്തു കൈവശം വക്കുന്നവർക്ക് വാടക കുടിശ്ശിക തീർത്ത് മുതവല്ലിയിൽ നിന്നും കത്ത് ഹാജരാക്കുന്ന പക്ഷം ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ഏറ്റവും കൂടിയ ലേല തുക തരുവാൻ സമ്മതം അറിയിക്കുന്ന പക്ഷം മുറി ടിയാളുകൾക്ക് തന്നെ വാടകക്ക് നൽകുന്നതാണ്.

12. പ്രസ്തുത ടെണ്ടർ /ലേലം ബോർഡ് അംഗീകരിച്ച ശേഷം ടെണ്ടർ / ലേലം കൊണ്ട വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും ലേലം ഉറപ്പിച്ചയാളുടെ പേരിൽ മാത്രം വാടക കരാർ എഴുതുന്നതുമായിരിക്കും.

13. ലേല ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽപ്പറഞ്ഞ സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്.

14. ടെണ്ടർ /ലേലം നിരാകരിക്കാനും നിർത്തി വയ്ക്കാനുമുള്ള പൂർണ്ണ അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

THE KERALA STATE WAQF BOARD * ERNAKULAM * COCHIN-682 017

ജൂനിയർ സൂപ്രണ്ട്